## പതിനാലാം കേരളനിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.860 — 01.03.2017 ന് മറുപടിയ്ക്ക്.

### കോതമംഗലം ഇക്കോട്ടൂറിസം മേഖല

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആന്റണി ജോൺ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിലെ പൂയംകുട്ടി, ഇടമലയാർ, മാമലക്കണ്ടം എന്നീ പ്രദേശങ്ങളെ ഇക്കോട്ടൂറിസം മേഖലയായി പ്രഖ്യാപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ പ്രദേശങ്ങളെ ഇക്കോട്ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;<br><br>(ബി) അയ്യായിരത്തിലധികം ആദിവാസികൾ അധിവസിക്കുന്ന കുട്ടമ്പുഴ പഞ്ചായത്ത് മേഖലയെ ഇക്കോട്ടൂറിസം മേഖലയായി പ്രഖ്യാപിക്കുന്നതിലൂടെ, വനസംരക്ഷണ സമിതി വഴി നടപ്പിലാക്കാവുന്ന തൊഴിൽ സാദ്ധ്യത കണക്കിലെടുത്ത് ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ? | (എ) & (ബി) - കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിലെ പൂയംകുട്ടി, ഇടമലയാർ, മാമലക്കണ്ടം പ്രദേശങ്ങൾ ഒന്നും നിലവിൽ ഇക്കോ ടൂറിസം മേഖല ആയി പ്രഖ്യാപിച്ചിട്ടില്ല. കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിലെ മേൽ പ്രദേശങ്ങൾ റിസർവ്വ് വനത്തിന്റെ ഭാഗമാണ്. റിസർവ്വ് വന പ്രദേശങ്ങളിൽ ഇക്കോ ടൂറിസം പരിപാടികൾ നടപ്പിലാക്കണമെങ്കിൽ വന സംരക്ഷണ നിയമ പ്രകാരം കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യമാണ്. |

സെക്ഷൻ ഓഫീസർ